**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 413** | **14-03-2023 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ ഉദ്യോഗാർത്ഥികൾക്ക് എവിടെ നിന്നും ഏതു സമയവും വകുപ്പിന്റെ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഇ-എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്ന ഓൺലൈൻ പോർട്ടൽ, ഇ-ഓഫീസ്, മൊബൈൽ ആപ്ലിക്കേഷൻ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് സ്മാർട്ട് കാർഡ്, ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ റെക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിവ നടപ്പിലാക്കി വരികയാണ്. ഇതിനു പുറമേ കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ, പ്രവാസിക്ഷേമം മുൻനിർത്തി പ്രവാസികൾക്കായി ഒരു പ്രത്യേക വെർച്ച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവയുടെ നടപടികൾ അന്തിമ ഘട്ടത്തിലാണ്. സെൽഫ് ഓപ്പറേറ്റിംഗ് കിയോസ്ക്കുകൾ, ഡിജിറ്റൽ ഡിസ്പ്ലേകൾ എന്നിവ സ്ഥാപിച്ചും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് പരമ്പരാഗത ഐഡന്റിറ്റി കാർഡിനു പകരം സ്മാർട്ട് കാർഡുകൾ നൽകിയും കേരളത്തിലെ എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെയും മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളാക്കുന്ന പദ്ധതിയും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമാക്കാൻ ഗ്രാമീണ മേഖലയിൽ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്കായി കരിയർ ഡെവലപ്മെന്റ് സെന്റർ പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br><br>വകുപ്പിന്റെ വൊക്കേഷണൽ ഗൈഡൻസ് പ്രോഗ്രാമിന്റെ ഭാഗമായി കോച്ചിങ് ക്ലാസുകൾ, കരിയർ സെമിനാർ, കരിയർ എക്സിബിഷൻ, മെഗാ ജോബ് ഫെയർ എന്നീ പ്രവർത്തനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി സംഘടിപ്പിക്കുന്നു. കൂടാതെ വകുപ്പ് നടപ്പിലാക്കിയ പി.എസ്.സി ഫെസിലിറ്റേഷൻ സെന്റർ മുഖേന കേരള പബ്ലിക് സർവീസ് കമ്മീഷൻ നടത്തുന്ന ഓൺലൈൻ പരീക്ഷാ പരിശീലനം, ഓൺലൈൻ പരീക്ഷാ നടത്തിപ്പ്, വൺ ടൈം രജിസ്ട്രേഷൻ തുടങ്ങിയ വിവിധ സേവനങ്ങളെക്കുറിച്ച് ഉദ്യോഗാർത്ഥികൾക്ക് അവബോധം നൽകുന്നു.<br><br>കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ തൊഴിൽ നൈപുണ്യ കേന്ദ്രങ്ങളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടുകൂടി 2012-13 സാമ്പത്തിക വർഷം മുതൽ എംപ്ലോയബിലിറ്റി സെന്റർ എന്ന പദ്ധതി നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് മുഖേന സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ സ്വകാര്യമേഖലയിലെ തൊഴിലവസരങ്ങൾ തൊഴിലന്വേഷകർക്ക് പ്രാപ്യമാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോഡൽ കരിയർ സെന്റർ എന്ന പദ്ധതിയും നടപ്പാക്കി വരുന്നു. |
| (ബി) | സ്വകാര്യ മേഖലയിൽ ഉൾപ്പെടെ ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ബി) | സ്വകാര്യമേഖലയിലെ തൊഴിൽദാതാക്കളെയും ഉദ്യോഗാർഥികളെയും ഒരു വേദിയിൽ കൊണ്ടുവന്ന് പരമാവധി തൊഴിൽ നേടിയെടുക്കുവാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടെ വൊക്കേഷണൽ ഗൈഡൻസ് പ്രോഗ്രാമിന്റെ ഭാഗമായി "**നിയുക്തി**" എന്ന പേരിൽ മെഗാ ജോബ് ഫെയറുകൾ നാഷണൽ എംപ്ലോയ്മെന്റ് സർവീസ് വകുപ്പ് നടത്തി വരുന്നു.<br><br>സ്വകാര്യ മേഖലയിൽ ഉൾപ്പെടെ ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ലഭ്യമാക്കുന്നതിന് കരിയർ ഡെവലപ്പ്മെന്റ് സെന്റർ പദ്ധതി മുഖേന ജോബ് ഡ്രൈവുകൾ നടത്തി വരുന്നു.<br><br>എംപ്ലോയബിലിറ്റി സെന്റർ പദ്ധതിയുടെ ഭാഗമായി ടി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന |

| | | | |
|---|---|---|---|
| | | | ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിലെ തൊഴിലവസരം ലഭ്യമാക്കുന്നതിനായി തൊഴിൽ ദാതാക്കളുമായി നേരിട്ട് ബന്ധപ്പെട്ടും ജോബ് ഫെയറുകൾ സംഘടിപ്പിച്ചും ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നേടിയെടുക്കുവാൻ എംപ്ലോയബിലിറ്റി സെന്ററുകൾ അവസരം ഉണ്ടാക്കി കൊടുക്കുന്നുണ്ട്. ആയതു പ്രകാരം സംസ്ഥാനത്തു പ്രവർത്തിക്കുന്ന 11 എംപ്ലോയബിലിറ്റി സെന്ററുകൾ മുഖേനെ 3063 ജോബ് ഡ്രൈവ് നടത്തുകയും 50450 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പങ്കാളിത്തത്തോടെ ആരംഭിച്ചിട്ടുള്ള മോഡൽ കരിയർ സെന്റർ പദ്ധതി പ്രകാരം തിരുവനന്തപുരം മോഡൽ കരിയർ സെന്റർ സംഘടിപ്പിച്ച വിവിധ ജോബ് ഡ്രൈവുകൾ മുഖേന നാളിതുവരെ 1246 പേർക്ക് ജോലി ലഭിച്ചിട്ടുണ്ട്.കേരളത്തിലെ അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് സ്വകാര്യമേഖലയിലെ അനവധിയായ തൊഴിലവസരങ്ങൾ കൂടി പ്രാപ്തമാക്കുക എന്ന ലക്ഷ്യത്തോടു കൂടി പ്രൈവറ്റ് ജോബ് പോർട്ടൽ എന്ന ഒരു ഓൺലൈൻ പോർട്ടൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ